പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.691 | 14/07/2014-ൽ മറുപടിക്ക്

പൈതൃക ശേഷിപ്പുകൾ നിലനിർത്താൻ പദ്ധതി

ചോദ്യം

ശ്രീ. വി. എം.ഉമ്മർ മാസ്റ്റർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാചീന ജീവിതരീതിയും, തൊഴിൽ സൗകര്യങ്ങളും, സാംസ്കാരിക നിലവാരവും വെളിവാക്കുന്ന പൈതൃക ശേഷിപ്പുകൾ അവയുടെ കൈവശക്കാരുടെ കൂടി സഹകരണത്തിൽ നിലനിർത്തുന്നതിനും പുന:രുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പുരാവസ്തു വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; | (എ) ആന്റ് (ബി) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പുരാവസ്തു വകുപ്പിന്റെ പ്രവർത്തന മേഖല രൂപപ്പെടുത്തിയിട്ടുള്ളത്. 100 വർഷത്തിൽ കുറയാതെ നിലനിൽക്കുന്ന ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ കലാശില്പപരമായോ കൗതുകപ്രദമായതോ ആയ പ്രാചീന സ്മാരകങ്ങളും പൗരാണിക അവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിന് ആണ് പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തുത ആക്ട് പ്രകാരം പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുന്ന കർത്തവ്യമാണ് പുരാവസ്തുവകുപ്പിനുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽപ്പെടുന്ന കോട്ടപ്പുറത്തെ ഉത്ഖനന പ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പാണ് നിർവ്വഹിച്ചത്. |
| (ബി) | എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ; | | |
| (സി) | പൈതൃക ശേഷിപ്പുകൾ വിനോദസഞ്ചാരവകുപ്പിനെ കൂടി സഹകരിപ്പിച്ചുകൊണ്ട് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഒരു ബൃഹദ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ? | (സി) | പൈതൃക ശേഷിപ്പുകൾ വിനോദസഞ്ചാരവകുപ്പിനെ കൂടി സഹകരിപ്പിച്ചുകൊണ്ട് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളൊന്നും പുരാവസ്തു വകുപ്പിൽ നിലവിലില്ല. എന്നാൽ നഗരാസൂത്രണ വകുപ്പിന്റെ മുഖ്യ ചുമതലയിൽ Art & Heritage Commission രൂപീകരിച്ചിട്ടുണ്ട്. ചരിത്ര പൈതൃക പ്രാധാന്യമുള്ള പ്രത്യേക മേഖലകൾ സംരക്ഷിക്കുക, പൈതൃക മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൈതൃക സംരക്ഷണ തത്ത്വങ്ങൾക്കനുസൃതമായി അനുമതി നൽകുക തുടങ്ങിയവയാണ് Art & Heritage കമ്മീഷന്റെ മുഖ്യ ചുമതലകൾ. ചീഫ് ടൗൺ പ്ലാനർ, ചീഫ് ആർക്കിടെക്ട് (പി. ഡബ്ല്യു.ഡി), പുരാവസ്തു വകുപ്പ് ഡയറക്ടർ, ഒരു പ്രമുഖ ആർക്കിടെക്ട് എന്നിവരാണ് ഇതിലെ അംഗങ്ങൾ. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ പ്രധാനമായും തിരുവനന്തപുരം കിഴക്കേകോട്ട (കോട്ടയ്ക്കകം), ഫോർട്ട് കൊച്ചി, പാലക്കാട് കൽപ്പാത്തി എന്നിവയാണ് പ്രഖ്യാപിത പൈതൃക മേഖലകൾ. ഇവയിൽ ചരിത്ര സ്മാരകങ്ങളും കൊട്ടാരങ്ങളും ഉൾപ്പെടെ നിരവധി സംരക്ഷിത സ്മാരകങ്ങളുള്ള കോട്ടയ്ക്കകം മേഖലയിലെ സംരക്ഷണങ്ങളും നിർമ്മാണങ്ങളുമാണ് പുരാവസ്തു വകുപ്പിന്റെ കൂടി പരിശോധനയ്ക്ക് വരുന്നത്. |

സെക്ഷൻ ഓഫീസർ